പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2185 — 01.02.2018 -ൽ മറുപടിക്ക്.

## വാതിൽപടി വിതരണം

ചോദ്യം

**ശ്രീ.കെ. ബാബു**

മറുപടി

**ശ്രീ. പി. തിലോത്തമൻ**

**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)**

(എ) സംസ്ഥാനത്ത് വാതിൽപടി വിതരണം തുടങ്ങിയശേഷം റേഷൻ സാധനങ്ങൾ കരിഞ്ചന്തയിൽ മറിച്ചു വിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(എ) ചില കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ജില്ല | കേസുകളുടെ എണ്ണം |
|---|---|
| കൊല്ലം | 7 |
| ആലപ്പുഴ | 4 |
| കോട്ടയം | 3 |
| തൃശ്ശൂർ | 1 |
| പാലക്കാട് | 2 |

(ബി) എഫ്.സി.ഐ. ഗോഡൗണിൽ നിന്നും ഭക്ഷ്യസുരക്ഷാ വകുപ്പ് ചട്ടമനുസരിച്ച് സംഭരണശാലയിലേയ്ക്ക് സാധനങ്ങൾ മാറ്റിയ ശേഷം വാതിൽപടി വിതരണം നടത്തുന്ന സാധനങ്ങൾ സ്വകാര്യമില്ലുകളിലേയ്ക്ക് എത്തുന്നത് എങ്ങനെയെന്ന് കർശന പരിശോധന നടത്തുമോ ;

(സി) കാലാകാലങ്ങളിലായി തുടരുന്ന ഈ അഴിമതി തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ ?

(ബി) & (സി) വാതിൽപ്പടി വിതരണം നടത്തുന്ന സാധനങ്ങൾ സ്വകാര്യമില്ലുകളിലേയ്ക്ക് എത്തുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. എന്നിരുന്നാലും കരിഞ്ചന്ത, പൂഴ്ത്തിവെയ്പ്പ് എന്നിവ തടയുന്നതിനായി എല്ലാ മാസവും ജില്ലാ സപ്ലൈ ഓഫീസർമാർ, താലൂക്ക് സപ്ലൈ ഓഫീസർമാർ എന്നിവർ സ്ക്വാഡുകളായും റേഷനിംഗ് ഇൻസ്പെക്ടർമാർ നേരിട്ടും റേഷൻ കടകളും എൻ.എഫ്.എസ്.എ ഗോഡൗണുകളും പരിശോധിക്കാറുണ്ട്. എൻ.എഫ്.എസ്.എ ഗോഡൗണിൽ നിന്നുള്ള വാതിൽപ്പടി വിതരണം നിരീക്ഷിക്കാൻ റേഷനിംഗ് ഇൻസ്പെക്ടർമാരെ നിയോഗിച്ചിട്ടുണ്ട്. കൂടാതെ ഇ-പോസ് മെഷീനുകൾ സ്ഥാപിക്കുന്നതിനെ തുടർന്ന് ജി.പി.എസ് ട്രാക്കിംഗ് നടപ്പിലാക്കുന്നതോടും കൂടി റേഷൻ വിതരണം കൂടുതൽ സുതാര്യമാകുന്നതാണ്.

സെക്ഷൻ ഓഫീസർ